"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191- അനുസരിച്ച് അമരമ്പലം ഗ്രാമപഞ്ചായത്തിലെ അംഗമായ ശ്രീ. വിനോദ് ജോസഫിന് 12/09/2019 - മുതൽ അവധി അനുവദിച്ച പഞ്ചായത്തിന്റെ 06/09/2019- ലെ 7/01–നമ്പർ തീരുമാനം താൽകാലികമായി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.24/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 ശ്രീ. വിനോദ് ജോസഫിന്റെ 12-08-2019-ലെ അപേക്ഷ.

2 അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 06/09/2019-ലെ 07/01/ നം. തീരുമാനം.

3 അമരമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 10/10/2019 ലെ കത്ത്.

4 26/10/2019 ലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A4-5365/19 നമ്പർ കത്ത്

### ഉത്തരവ്

അമരമ്പലം ഗ്രാമപഞ്ചായത്ത് അംഗത്തിന് വിദേശത്ത് പോകുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പരാമർശം (2) പ്രകാരം അനുമതി നൽകിയതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചു. 10-ാം വാർഡ് അംഗം ശ്രീ. വിനോദ് ജോസഫിന് രണ്ടു ഘട്ടമായി ആറുമാസം വീതം (തുടർച്ചയായി) ഒരു വർഷത്തെ ലീവ് അനുവദിച്ചതായും ആയതിന് സർക്കാർ അനുമതിയും അംഗീകാരവും നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിരുന്നു.

2. ഈ വിഷയത്തിൽ പഞ്ചായത്ത് മെമ്പർ ശ്രീ. വിനോദ് ജോസഫ് തന്റെ അടുത്ത 6 മാസത്തേക്ക് നൽകിയ ലീവ് അപേക്ഷ റദ്ദാക്കി തിരികെ ഹാജരായതായും പഞ്ചായത്ത് യോഗത്തിൽ സംബന്ധിച്ചതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. കേരള പഞ്ചായത്ത് രാജ് ആക്ട് 35 (കെ) വകുപ്പിലെ വ്യവസ്ഥ പ്രകാരം പഞ്ചായത്ത് യാതൊരു കാരണവശാലും തുടർച്ചയായി ആറ് മാസത്തിൽ കൂടുതൽ കാലയളവിലേക്ക് പഞ്ചായത്തിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരു അംഗത്തിന് അനുവാദം നൽകാൻ പാടില്ലാത്തതാണ് . ഈ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ അമരമ്പലം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡ് അംഗമായ ശ്രീ.വിനോദ് ജോസഫിന് 12/09/2019 - മുതൽ അവധി അനുവദിച്ച പഞ്ചായത്തിന്റെ 06/09/2019- ലെ 7/01 – നമ്പർ തീരുമാനം നിയമവിരുദ്ധമാണ് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191- അനുസരിച്ച് അമരമ്പലം ഗ്രാമപഞ്ചായത്തിലെ അംഗമായ ശ്രീ.വിനോദ് ജോസഫിന് 12/09/2019-മുതൽ അവധി അനുവദിച്ച പഞ്ചായത്തിന്റെ 06/09/2019- ലെ 7/01 – നമ്പർ തീരുമാനം താല്ക്കാലികമായി നിറുത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പഞ്ചായത് ഡയറക്ടർ ഈ വിഷയം പരിശോധിച്ചു പതിനഞ്ചു ദിവസത്തിനകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/ പ്രസിഡണ്ട്, അമരമ്പലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.

ശ്രീ. വിനോദ് ജോസഫ്, പത്താം വാർഡ് അംഗം, അമരമ്പലം ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) .

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ